**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 833** **06-02-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ പഠനനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള പാലക്കാട് ഗവ.മെഡിക്കൽ കോളേജ് ആരംഭിച്ചതിനുശേഷം എത്ര എം.ബി.ബി.എസ്. ബാച്ചുകൾ കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോ ബാച്ചിലും വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ; | (എ) | 3 ബാച്ചുകൾ കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട്<br>2014 ബാച്ചിൽ 97 ഉം 2015 ബാച്ചിൽ 99 ഉം 2016 ബാച്ചിൽ 93 ഉം വിദ്യാർത്ഥികൾ വീതം വിജയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജിലെ വിദ്യാർത്ഥികളുടെ മെച്ചപ്പെട്ട പഠനനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കാമോ? | (ബി) | മികച്ച അദ്ധ്യാപകർ, മെച്ചപ്പെട്ട ലാബ് സൗകര്യം, പുതിയ പതിപ്പ് പുസ്തകങ്ങളും, ജേണലുകളും ഉൾപ്പെടെയുള്ള ലൈബ്രറി സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജിന്റെ ടീച്ചിങ്ങ് ആശുപത്രിയായ ജില്ലാ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിലെ ഐ.പി വിഭാഗ ങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ പുതിയ ലാബുകൾ, ലബോറട്ടറികളിൽ ഇൻവെസ്റ്റി ഗേഷൻ ചെയ്യാനുള്ള പുതിയ ഉപകരണങ്ങൾ, റേഡിയോളജി ഡിപ്പാർട്ട്മെന്റിൽ ആധുനിക ഉപകരണങ്ങൾ തുടങ്ങിയവയും സജ്ജമാക്കിയി ട്ടുണ്ട്. അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഒ.പി മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ തുടങ്ങിയതിനാൽ വിദ്യാർത്ഥികൾക്ക് വിവിധ രോഗങ്ങളുള്ള രോഗികളെ ചികിത്സിക്കുന്നതിന് സാധിക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനത്തോടൊപ്പം പരിചയസമ്പത്തും ലഭിക്കുന്നുണ്ട്. ഇതിനു പുറമെ ഒഴിവുള്ള തസ്തികകളിൽ അധ്യാപകരെ നിയമിക്കുന്ന തിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ